**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2014** **12-09-2023 - ൽ മറുപടിയ്ക്ക്**

**ജലഗതാഗത സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | അഷ്ടമുടി കായലിൽ ജലഗതാഗത വകുപ്പ് നടത്തി വരുന്ന വിവിധ യാത്ര - ഫെറി സർവ്വീസുകൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാന ജലഗതാഗത വകുപ്പ് കൊല്ലം മേഖലയിൽ 3 പാസഞ്ചർ ബോട്ടുകൾ ഒരു ടൂറിസം ബോട്ട് എന്നിവ സർവീസ് നടത്തി വരുന്നു. കൊല്ലം-പ്ലാവറ, കൊല്ലം-കാവനാട്-കുരീപ്പുഴ-സാംബ്രാണിക്കോടി ഫെറി സർവീസ് , കൊല്ലം-പേഴംതുരുത്ത്, കൊല്ലം-സീ അഷ്ടമുടി ടൂറിസ്റ്റ് സർവീസ് എന്നിങ്ങനെയാണ് പ്രസ്തുത 4 സർവീസുകൾ. രാവിലെ 05.30 ന് കൊല്ലത്തുനിന്നും ആരംഭിച്ച് വൈകുന്നേരം 08.30 ന് കൊല്ലത്തു അവസാനിക്കുന്ന രീതിയിലാണ് കൊല്ലം -പ്ലാവറ സർവീസ് ക്രമീകരിച്ചിരിക്കുന്നത്. കൊല്ലം-പ്ലാവറ റൂട്ടിൽ ദിനം പ്രതി 18 ടിപ്പുകൾ നടത്തുന്നുണ്ട്. രാവിലെ 05.30 ന് കൊല്ലത്തുനിന്നും ആരംഭിച്ച് വൈകുന്നേരം 7.40ന് കൊല്ലത്തു അവസാനിക്കുന്ന രീതിയിലാണ് കൊല്ലം -കാവനാട്-കുരീപ്പുഴ-സാംബ്രാണിക്കോടി ഫെറി സർവീസ് ക്രമീകരിച്ചിരിക്കുന്നത്. കൊല്ലം-കാവനാട്-കുരീപ്പുഴ-സാംബ്രാണിക്കോടി ഫെറി സർവീസിൽ ദിനം പ്രതി 20 ടിപ്പുകൾ നടത്തുന്നുണ്ട്. കൊല്ലം സ്റ്റേഷനിൽ നിന്നും രാവിലെ 5 മണിക്ക് ആരംഭിച്ച് സാംബ്രാണിക്കോടി,അഷ്ടമുടി,പെരിങ്ങാലം,കോയിവിള,പെരുമൺ എന്നീ സ്ഥലങ്ങളിൽ കൂടി 16 ടിപ്പുകൾ ചെയ്തു തിരികെ 7.30 ന് കൊല്ലം സ്റ്റേഷനിൽ എത്തിച്ചേരുന്നു.കൊല്ലം സ്റ്റേഷനിൽ നിന്നും രാവിലെ 11.00 മണിക്ക് പുറപ്പെടുന്ന ടൂറിസം സർവീസാണ് സീ അഷ്ടമുടി സർവീസ്. ടി ബോട്ടിന്റെ അപ്പർ ഡെക്കിൽ 30 പേർക്കും ലോവർ ഡെക്കിൽ 60 പേർക്കും ഒരേ സമയം യാതചെയ്യുവാൻ സാധിക്കും. അഷ്ടമുടിക്കായലിന്റെയും കണ്ടൽക്കാടുകൾ നിറഞ്ഞ മണൽത്തിട്ടകളുടെയും സൗന്ദര്യം വളരെ കുറഞ്ഞ ചെലവിൽ ആസ്വദിക്കുവാൻ ഈ സർവീസ് മൂലം സാധിക്കുന്നു. |
| (ബി) | സർവ്വീസ് ബോട്ടുകൾ അറ്റകുറ്റ പണികൾക്കായി കൊണ്ടുപോകുമ്പോൾ പകരം സംവിധാനം ഏർപ്പെടുത്താത്തത് മൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന യാത്രാ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | സർവീസ് ബോട്ടുകൾക്കുണ്ടാകുന്ന മൈനർ വർക്കുകൾ പരിഹരിക്കുന്നതിനായി മെക്കാനിക്കിന്റെ ചാർജ് നൽകി ഒരു ഉദ്യോഗസ്ഥനെ കൊല്ലം സ്റ്റേഷനിൽ നിയോഗിച്ചിട്ടുണ്ട്. മേജർ വർക്കുകൾക്കായി സർവീസ് ബോട്ടുകൾ കൊണ്ടുപോകുന്ന സമയങ്ങളിൽ പകരം ബോട്ട് ഏർപ്പെടുത്താത്ത പക്ഷം നിലവിൽ ഉള്ള ബോട്ടുകൾ ഷെഡ്യൂൾ സമയക്രമം പുനഃക്രമീകരിച്ച് പരമാവധി സർവീസ് മുടക്കം ഒഴിവാക്കി പൊതുജനങ്ങൾക്കുണ്ടാകുന്ന യാത്രാ ബുദ്ധിമുട്ട് ഒഴിവാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ